ശ്രീ. ഇ.കെ. നായനാർ : ഈ രാജ്യത്ത് നിരോധിക്കപ്പെട്ട കഞ്ചാവ് തുടങ്ങിയ വസ്തുക്കൾ ഉപയോഗിച്ചതുകൊണ്ടുള്ള തടവുകാർ ഒരു സെറ്റുണ്ട്. മറ്റൊരു സെറ്റ് 14 കൊല്ലത്തേയ്ക്ക് ശിക്ഷിച്ച സാധാരണ തടവുകാരാണ്. പണ്ട് അത് 20 വർഷമായിരുന്നു. അതിൽ ഈ കമ്മീഷന്റെ റിപ്പോർട്ടനുസരിച്ച് ആകെ മോചിപ്പിച്ചതിന്റെ കണക്ക് ഞാൻ പറയാം. ഇതുവരെ 654 ആളുകളെ മോചിപ്പിച്ചിട്ടുണ്ട്. അതേസമയത്ത് ശിക്ഷയുടെ കാലാവധി കഴിഞ്ഞ് തെളിവുണ്ടായിട്ട് അവരെ മോചിപ്പിക്കാൻ പാടില്ലെന്ന് പറഞ്ഞ ഒരു വിഭാഗം ഇപ്പോഴും പത്തുകൊല്ലമായിട്ടും കിടക്കുന്നുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ് : ശിക്ഷയുടെ കാലാവധി പൂർത്തിയായിട്ടും മോചനം ലഭിക്കാതെ കിടക്കുന്ന തടവുകാർ എത്രയാണെന്നാണ് എന്റെ ചോദ്യം.

ശ്രീ. ഇ.കെ. നായനാർ : അതിന് പ്രത്യേകം നോട്ടീസ് വേണം.

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, സംസ്ഥാനത്തെ ചില മുൻമന്ത്രിമാരും രാഷ്ട്രീയ നേതാക്കളും ജയിലിൽ പോകാൻ ക്യൂ നിൽക്കുകയാണ്. അവർക്ക് പ്രത്യേക വല്ല സൗകര്യങ്ങളും ചെയ്തുകൊടുക്കാൻ ഈ സർക്കാർ നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ : ആ ചോദ്യത്തിന് ആൻസർ ചെയ്യണ്ട.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, വിചാരണത്തടവുകാരുടെ കാര്യത്തിൽ ജയിൽ ജീവിതം മൂന്നുമാസത്തിനപ്പുറം പോകുന്ന ഓരോ ഘട്ടത്തിലും ജില്ലാ ജഡ്ജി ഉൾപ്പെടുന്ന ഒരു ടീം ജയിലിൽ എത്തി അവരെ സന്ദർശിച്ച് തടവ് നീളുന്നതിന്റെ കാര്യം അവരോട് ചോദിച്ചു മനസ്സിലാക്കി ഹൈക്കോടതിക്ക് റിപ്പോർട്ട് ചെയ്യണമെന്നാണ് വ്യവസ്ഥ. ആ വ്യവസ്ഥ നമ്മുടെ ജയിലുകളിൽ കൃത്യമായി പാലിച്ചിട്ടുണ്ടോ; പാലിക്കപ്പെടുന്നില്ല എന്നുള്ള പരാതി വ്യാപകമായിട്ടുണ്ട്. അതു സംബന്ധിച്ച് സർക്കാർ എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. ഇ.കെ. നായനാർ : സർ, അതു സംബന്ധിച്ച് പരാതി കിട്ടിയാൽ അന്വേഷിക്കാം.

ശ്രീ. കെ.സി. ജോസഫ് : സർ, ശ്രീ. ഗോവിന്ദൻ മാസ്റ്ററുടെ ചോദ്യത്തിന്റെ ഉത്തരത്തിൽ റിവ്യൂ കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് 162 പേരെ വിട്ടയച്ചതായി പറഞ്ഞു. റിവ്യൂ കമ്മിറ്റി മുന്നോട്ടുവച്ചിട്ടുള്ള മാനദണ്ഡങ്ങളിൽപ്പെടുന്ന പല തടവുകാരെയും രാഷ്ട്രീയമായ പരിഗണനവച്ചുകൊണ്ട് യു.ഡി.എഫ്. അനുഭാവികളായതുകൊണ്ട് അവരെ വിട്ടയയ്ക്കാതെ ജയിലിൽ നിൽക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ദയവായി ഇക്കാര്യത്തിൽ മറ്റു പരിഗണന ഇല്ലാതെ റിവ്യൂ കമ്മിറ്റിയുടെ പൊതു മാനദണ്ഡമനുസരിച്ച് നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : സ്വീകരിക്കാം.

4 (*397) വിദേശരാജ്യങ്ങളിൽ ജയിലിൽ കഴിയുന്ന മലയാളികൾ

ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. എ. കണാരൻ :
ശ്രീ. എളമരം കരീം :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :

ശ്രീ. ടി.കെ. നൗഷാദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് നാടുകൾ ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിൽ ജയിലിൽ കഴിയുന്ന മലയാളികളെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സർവ്വേയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത രാജ്യങ്ങളിൽ വിവിധ ശിക്ഷയുടെ കാലാവധി കഴിഞ്ഞിട്ടും അവിടത്തെ ജയിലുകളിൽ കഴിയുന്ന മലയാളികളെ തിരികെ നാട്ടിൽ എത്തിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അപ്രകാരമുള്ള എത്ര വിദേശ മലയാളികളെ നാട്ടിൽ എത്തിച്ചു എന്ന് വെളിപ്പെടുത്തുമോ;

(എഫ്) ശിക്ഷയുടെ കാലാവധി കഴിഞ്ഞിട്ടും വിദേശരാജ്യങ്ങളിൽ ജയിലിൽ കഴിയേണ്ടിവരുന്ന അവശേഷിക്കുന്ന മലയാളികൾ എത്ര ഉണ്ട് എന്ന കണക്ക് ലഭ്യമാണോ; എങ്കിൽ ഇവർ എത്ര പേരുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ജി) ഇവരെ നാട്ടിൽ എത്തിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ,

(എ)&(ബി) ഇല്ല.

(സി)&(ഡി) ജയിലിൽ കഴിയുന്ന മലയാളികളുടെ മോചനം സംബന്ധിച്ച് ലഭിക്കുന്ന നിവേദനങ്ങളിന്മേൽ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റുമായും അതാത് രാജ്യങ്ങളിലെ ഇന്ത്യൻ എംബസിയുമായും ബന്ധപ്പെട്ട് പരിഹാരം തേടിവരുന്നു. ദേശീയ/മുൻകാല ചെയ്തികൾ എന്നിവയെപ്പറ്റിയുള്ള അന്വേഷണ റിപ്പോർട്ടുകൾ സംസ്ഥാന ഗവൺമെന്റ് അടിയന്തിരമായി ബന്ധപ്പെട്ട ഇന്ത്യൻ എംബസികൾക്ക് അയച്ചു കൊടുക്കുന്നതു വഴി പല മലയാളികളുടെയും ജയിൽ മോചനം വേഗം സാദ്ധ്യമായിത്തീരുന്നുണ്ട്.

(ഇ) മലേഷ്യൻ ജയിലുകളിൽനിന്ന് 21 പേരെയും ഇറാക്കിൽനിന്ന് രണ്ടുപേരെയും ഇന്ത്യൻ എംബസികൾവഴി മോചിപ്പിക്കുകയുണ്ടായി. ഇവർക്കുപുറമെ കൊറിയൻ മൽസ്യബന്ധനക്കപ്പലുകളിൽ ജോലിക്കായി പോയി പീഡിപ്പിക്കപ്പെട്ട 119 മലയാളികളെ സംസ്ഥാന ഗവൺമെന്റ് കൊറിയയിലെ ഇന്ത്യൻ എംബസി വഴി നാട്ടിലെത്തിച്ചിരുന്നു. ഇവരിൽ ഏതാനും പേർ ജയിലിൽ കഴിഞ്ഞവരായിരുന്നു. ശിക്ഷാ കാലാവധി കഴിഞ്ഞും മലയാളികൾ വിദേശത്തെ ജയിലുകളിൽ കഴിയുന്നുവെന്ന പരാതി ലഭിച്ചാലോ മറ്റ് വിധത്തിൽ വിവരം ലഭിച്ചാലോ സംസ്ഥാന ഗവൺമെന്റ് ബന്ധപ്പെട്ട ഇന്ത്യൻ എംബസി വഴി ഇവരുടെ മോചനത്തിന് ശ്രമിച്ചുവരുന്നു.

(എഫ്) ഇന്ത്യൻ സ്ഥാനപതി കാര്യാലയങ്ങൾ ജയിലുകളിൽ കഴിയുന്ന ഇന്ത്യാക്കാരുടെ പൊതുവായ വിവരങ്ങളാണ് സൂക്ഷിച്ചുവരുന്നത്. മലയാളിക

LIBRARY ARCHIVES Kerala Legislative Assembly

ളുടെ വിവരം പ്രത്യേകമായി സൂക്ഷിക്കാറില്ല എന്നാണ് കേന്ദ്രഗവൺമെന്റ് അത് സംബന്ധിച്ച് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുള്ളത്.

(ജി) ഇതേപ്പറ്റി ലഭിക്കുന്ന പരാതികളിന്മേലും എംബസികളിൽ നിന്നു ലഭിക്കുന്ന സന്ദേശങ്ങളിൽമേലും സത്വര നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

<u>ശ്രീ. എ. അലിഹസ്സൻ</u> : സർ, വിദേശ മലയാളികളുടെ ക്ഷേമത്തിനായി രൂപീകരിച്ച ഏജൻസിയുടെ സഹായം ജയിലിൽ കഴിയുന്നവരുടെ മോചനത്തിന് ലഭ്യമായിട്ടുണ്ടോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യത്തോടെ ഫീൽഡ് ഏജൻസിയായി 1998 ജൂൺ മാസത്തിൽ രൂപീകരിക്കപ്പെട്ട പ്രവാസി കേരളീയ ക്ഷേമ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന കേരള സർക്കാരിന്റെ കീഴിൽ വിദേശ കേരളീയരുടെ ക്ഷേമത്തിനായി രൂപീകരിച്ച ഏജൻസിയുടെ പ്രധാന ലക്ഷ്യം ഇനി പറയുന്നവയാണ്.

1) വിദേശ മലയാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ക്ഷേമം ഉറപ്പുവരുത്തുക.

2) അവരുടെ വിഭവശേഷിയും തൊഴിൽ സാദ്ധ്യതകളും സംസ്ഥാന വികസനത്തിന് ഉപയോഗപ്പെടുത്തുക.

3) നാട്ടിൽ തിരിച്ചെത്തുന്നവരുടെ പുനരധിവാസം ഉറപ്പുവരുത്തുക.

4) മറ്റു രാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്ന മലയാളി സംഘടനകൾ, മലയാളി സമൂഹങ്ങൾ എന്നിവയുടെ ലോകവ്യാപകമായ ശൃംഖലയുടെ സ്ഥാപനവും മേൽനോട്ടവും സംഘടിപ്പിക്കുക.

5) സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുകയും പ്രവാസി മലയാളികളുമായി ദൈനംദിന ബന്ധം സ്ഥാപിക്കുകയും ചെയ്യുക. ഇതിനായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുക.

6) സംസ്ഥാനത്തെ ഇതര വകുപ്പുകളും ഏജൻസികളും നടത്തുന്ന പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് വിദേശ മലയാളികളുടെയും മടങ്ങിയെത്തുന്നവരുടെയും സേവന ക്ഷേമമേഖലകൾ പുനഃസംഘടിപ്പിക്കുക.

7) സംസ്ഥാനത്ത് വ്യവസായസ്ഥാപനങ്ങളുണ്ടാക്കാൻ തൽപ്പരരായവർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും സഹായവും നൽകുക.

8) നിക്ഷേപ മേഖലകൾ കണ്ടുപിടിക്കുകയും വിദേശ മലയാളികളുടെ നിക്ഷേപം സ്വരൂപിക്കാൻ ഉതകുംവിധം, പുതിയ സംരംഭങ്ങളിൽ പങ്കാളികളാകാൻ ഉതകുംവിധം പ്രേരണ നൽകുന്നതിനുള്ള നയത്തെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുകയും ചെയ്യുക.

9) സംയുക്ത സംരംഭങ്ങൾ തുടങ്ങാൻ വേണ്ടിയുള്ള എല്ലാവിധ സഹായ സഹകരണങ്ങളും നൽകുക.

10) ഇതിനാവശ്യമായ സെമിനാറുകൾ, ശിൽപ്പശാലകൾ മുതലായവ സംഘടിപ്പിക്കുക.

11) വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ ആവശ്യമായ സഹായങ്ങൾ നൽകുക.

LIBRARY ARCHIVES Kerala Legislative Assembly

12) വിദേശ രാജ്യങ്ങളിലെ തൊഴിലവസരങ്ങളെ സംബന്ധിച്ചും തൊഴിൽ സാദ്ധ്യതകളെക്കുറിച്ചുമുള്ള യഥാർത്ഥ സ്ഥിതി തൊഴിൽ തേടി പോകുന്നവർക്ക് നൽകുക.

13) ലാഭകരമായ സംരംഭങ്ങളെക്കുറിച്ച് വിദേശ മലയാളികളെ അറിയിക്കുക.

14) മറ്റ് സമാന സ്വഭാവമുള്ള സംഗതികൾ ഏറ്റെടുക്കുക.

ശ്രീ. എ. അലി ഹസ്സൻ : വിദേശ മലയാളി സമൂഹവും അവരുടെ സംഘടനകളും ആയി ബന്ധം സ്ഥാപിച്ച് നിസ്സാരമായ കുറ്റങ്ങൾക്കുപോലും പിടിക്കപ്പെട്ട് ജയിലിൽ അടയ്ക്കുന്നവർക്ക് നിയമസഹായം ലഭിക്കാൻ നടപടി സ്വീകരിക്കുമോ;

ശ്രീ. ഇ.കെ. നായനാർ : വിദേശ മലയാളികളുമായി നിരന്തര ബന്ധം സ്ഥാപിക്കാൻ പ്രവാസി ക്ഷേമ ഏജൻസിയുടെ ഓഫീസ് ആധുനികവിവര സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ സജ്ജമാക്കാനുള്ള പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ എസ്റ്റിമേറ്റും ഒരു വിദഗ്ദ്ധ സമിതിയുടെ പരിശോധനയ്ക്ക് വിധേയമായി നടപ്പിലാക്കുന്നതായിരിക്കും. ഇതിനായി 24.06.99-ൽ കൂടിയ ഏജൻസിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം നാലംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്.

ശ്രീ. എ. കണാരൻ : ജയിലിൽ കഴിയുന്ന വിദേശ മലയാളികളുടെ കേസ്സുകൾ സംബന്ധിച്ച് വിദേശരാജ്യങ്ങളിലെ ഇന്ത്യൻ എംബസിയും ബന്ധപ്പെട്ട വകുപ്പുകളുമായി നേരിട്ട് ചർച്ച ചെയ്യാൻ നടപടി കൈക്കൊള്ളുമോ?

ശ്രീ. ഇ.കെ. നായനാർ : സർക്കാരിന് ലഭിക്കുന്ന ഇത്തരം നിവേദനങ്ങളിൻമേൽ നടപടികൾ സ്വീകരിക്കാൻ വിവിധ എംബസികളുമായി ഇപ്പോൾ ബന്ധപ്പെടുന്നുണ്ട്. ആവശ്യമായി വരുന്ന സാഹചര്യത്തിൽ നേരിട്ടും ഉദ്യോഗതലത്തിൽ ചർച്ചകൾ നടത്തുന്നതിനും ഇതിനായി സ്ഥിരം സംവിധാനം രൂപപ്പെടുത്തുന്നതിനും ക്ഷേമ ഏജൻസിക്കും സർക്കാർ നിർദ്ദേശം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. എ. കണാരൻ : കുടിയേറ്റ നിയമങ്ങൾ, സ്പോൺസർ ചട്ടങ്ങൾ ഇവ സംബന്ധിച്ച അറിവില്ലായ്മമൂലം അനധികൃത റിക്രൂട്ടിംഗിന് വിധേയരായി വിദേശരാജ്യങ്ങളിൽ ജയിലിൽ അടയ്ക്കപ്പെട്ട് ബുദ്ധിമുട്ടനുഭവിക്കുന്ന കേരളീയരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഇ.കെ. നായനാർ : സംസ്ഥാനത്ത് അനധികൃത റിക്രൂട്ടിംഗ് തടയുന്നതിന് 6.10.98-ലെ നോർക്ക ജി.ഒ.എം.എസ്. 3/98 നോർക്ക പ്രകാരം 5 അംഗങ്ങളുള്ള ഒരു കമ്മിറ്റിയും അനധികൃത ഉദ്യോഗാർത്ഥികളെ ബോധവാൻമാരാക്കുന്നതിന് 6.10.98-ലെ ജി.ഒ.എം.എസ് 4/98 നോർക്ക പ്രകാരം 10 അംഗങ്ങളുള്ള ഒരു കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ പ്രവാസി കേരളീയ ക്ഷേമ ഏജൻസി മുൻകൈയെടുത്ത് പ്രീ ഡിപ്പാർച്ചർ ട്രെയിനിംഗിനുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. വിവിധ ജില്ലകളിൽ രൂപീകരിക്കുന്ന പ്രവാസി സംഘങ്ങളുടെ സഹായത്തോടുകൂടി ഈ പരിശീലന പദ്ധതികൾ നടപ്പിലാക്കാനുള്ള സാദ്ധ്യത ആരാഞ്ഞുവരികയാണ്.

ശ്രീ. ടി.കെ. നൗഷാദ് : കുറ്റകൃത്യങ്ങളൊന്നും ചെയ്യാതെ വിസ കാലാവധി കഴിഞ്ഞതിന്റെ പേരിൽ വിദേശരാജ്യങ്ങളിൽ ജയിലിൽ കഴിയേണ്ടിവരുന്ന മലയാളികളെ സംബന്ധിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ,

LIBRARY ARCHIVES Kerala Legislative Assembly

എങ്കിൽ ഇത്തരക്കാരുടെ കാര്യത്തിൽ എന്തെങ്കിലും ഇടപെടൽ നടത്തുന്നുണ്ടോ?

ശ്രീ. ഇ.കെ. നായനാർ : പ്രവാസി കേരളീയരുടെ വ്യവസായ സംരംഭങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് തൃശ്ശൂർ, തിരുവനന്തപുരം, പത്തനംതിട്ട, കണ്ണൂർ ജില്ലകളിൽ ജില്ലാ പ്രവാസി സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഈ സംഘങ്ങളിലെ അംഗങ്ങളുടെ സ്വാശ്രയ സംഘങ്ങൾ, സഹകരണസംഘങ്ങൾ, സംയുക്ത സംരംഭങ്ങൾ, കമ്പനികൾ തുടങ്ങിയവ രൂപീകരിക്കുന്നതിനാവശ്യമായ സാങ്കേതിക ഉപദേശം ലഭിക്കുക, ഉൽപ്പാദന യൂണിറ്റുകളെ ഏകോപിപ്പിക്കുക അവയിൽ മെച്ചപ്പെട്ട ധനകാര്യ മാനേജുമെന്റ് നടപ്പിലാക്കുക, ആവശ്യമെങ്കിൽ ഉൽപ്പാദന സംരംഭങ്ങളിൽ ഷെയർ ഹോൾഡറായി ചേരുക എന്നീ കാര്യങ്ങൾ പ്രവാസി സംഘങ്ങൾക്ക് ചെയ്യാൻ കഴിയുന്നതാണ്.

ശ്രീ. ടി.കെ. നൗഷാദ് : തൃശ്ശൂർ, തിരുവനന്തപുരം, പത്തനംതിട്ട, കണ്ണൂർ എന്നീ ജില്ലകളിൽ ഇതിനകം സജ്ജമായിക്കഴിഞ്ഞ വ്യവസായ സംരംഭങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ വെളിപ്പെടുത്തുമോ?

ശ്രീ. ഇ.കെ. നായനാർ : മേൽപ്പറഞ്ഞ ജില്ലകളിൽ ഇതിനകം സജ്ജമായിക്കഴിഞ്ഞ വ്യവസായ സംരംഭങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഇങ്ങനെയാണ്. കണ്ണൂർ ജില്ല -

1) Sealed lead acid cell

2) Nickel-Cadmium (NICAD) re-chargeable battery

3) Button cell

ഇവയ്ക്ക് 25 ലക്ഷം രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്നു. തൃശ്ശൂർ ജില്ലാ-ചേറ്റുവാ ടൂറിസം കോംപ്ലക്സ്, ഇതിന് രണ്ടുകോടി രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്നു. പത്തനംതിട്ട ജില്ലാ-ഭക്ഷ്യസംസ്കരണ സ്പൈസസ് അടിസ്ഥാനപ്പെടുത്തിയിട്ടുള്ള, ഇതിൽ 5 ലക്ഷം രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്നു.

4) റബ്ബർ ഉൽപ്പന്നങ്ങൾ.

5) മുനിസിപ്പൽ വേയ്സ്റ്റ് ശേഖരിച്ച് ബയോഫെർട്ടിലൈസർ ഉൽപ്പാദനം, ഇവയുടെ മുതൽമുടക്ക് എന്നിവ തിട്ടപ്പെടുത്തിയിട്ടില്ല. തിരുവനന്തപുരം ജില്ല-ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങൾ, സ്റ്റെബിലൈസർ, ചോക്ക് തുടങ്ങിയവ. 15 ലക്ഷം രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്നു.

6) റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം-20 ലക്ഷം രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്നു. കൂടാതെ കോഴിക്കോട് ജില്ലയിൽ മാർക്കറ്റിംഗ് ഓർഗനൈസേഷൻ രൂപീകരിക്കാൻ പ്രാരംഭ പ്രവർത്തനം നടക്കുന്നു. ഇതിന് 30 ലക്ഷം രൂപ മുതൽ ഒരു കോടിവരെ മുതൽമുടക്ക് പ്രതീക്ഷിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ : വിദേശ രാജ്യങ്ങളിൽ ജയിലിൽ കഴിയുന്ന മലയാളികളുടേതാണ് ചോദ്യം. പക്ഷെ അത് വിട്ട് പൊതുവായിട്ടുള്ള കാര്യങ്ങൾ വന്നതുകൊണ്ടാണ് ഞാൻ ഈ ചോദ്യം ചോദിക്കുന്നത്. ഇവിടെ വിദേശ മലയാളികളുടെ പ്രധാനപ്പെട്ട ഒരു ഡിമാന്റ് അവർക്ക് വോട്ടവകാശം നൽകണമെന്നുള്ളതാണ്. അതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സ്പീക്കറുടെതന്നെ ഒരു നിർദ്ദേശമുണ്ട്. അവർക്ക് വോട്ടവകാശം നൽകുന്നതിനെക്കുറിച്ചുള്ള നിലപാടെന്താണ്? ആംഗ്ലോ ഇന്ത്യൻ പ്രതിനിധി ഈ സഭയിലുള്ളതുപോലെ വിദേശമലയാളികളുടെ ഒരു പ്രതിനിധിയെ നോമിനേറ്റുചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

കാര്യംകൂടി ഗവൺമെന്റിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ടോ? ഗവൺമെന്റിന്റെ അഭിപ്രായമെന്താണ്.

ശ്രീ. ഇ.കെ. നായനാർ : ഞാൻ ഗൾഫിൽ പോയ സമയത്ത് ചോദ്യമുണ്ടായതാണ്. ഞങ്ങൾക്ക് വോട്ടവകാശം കിട്ടുമോയെന്നുള്ളത്. ഗൾഫ് മലയാളികൾക്കാർക്കും ഇവിടെ റേഷനുണ്ടായിരുന്നില്ല. ഇപ്പോൾ അവർക്ക് റേഷൻകാർഡ് നൽകിയിട്ടുണ്ട്. അത് ഒരു പുതിയ നടപടിക്രമമാണ്. വോട്ടിംഗിന്റെ കാര്യത്തിൽ സ്റ്റേറ്റിന് മാത്രമായി ചെയ്യാൻ കഴിയുകയില്ല. അതിന് കോൺസ്റ്റിറ്റ്യൂഷണലായി ഭേദഗതി വരുത്തണം. അതുകൊണ്ട് അത് കൂടുതൽ ആലോചിച്ച് ചെയ്യേണ്ട ഒരു കാര്യമാണ്. എല്ലാ കക്ഷികളുംകൂടി ചേർന്ന് അതിനൊരു തീരുമാനമെടുക്കണം. അതിനുശേഷം നമ്മൾ ഇന്ത്യാ ഗവൺമെന്റിനോട് ആവശ്യപ്പെടണം

ഡോ. സെബാസ്റ്റ്യൻ പോൾ : വിദേശരാജ്യങ്ങളിൽ ജയിലിൽ കഴിയുന്ന മലയാളികൾ ഏതൊക്കെ തരത്തിലുള്ള കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ടാണെന്നുള്ളത് സംബന്ധിച്ച് എന്തെങ്കിലും വിവരം ലഭ്യമായിട്ടുണ്ടോ?

ശ്രീ. ഇ.കെ. നായനാർ : ഉണ്ട്. ഇവിടത്തെ ജയിലിൽ നൈജീരിയക്കാർ ഉണ്ട്. ഈ രാജ്യത്ത് കഞ്ചാവുപോലുള്ള വസ്തുക്കൾ വിൽപ്പന നടത്താനും കൊണ്ടുവരാനും ശ്രമിച്ചതിന്റെ ഫലമായിട്ടുള്ള കുറ്റവാളികളെ ജയിലിൽ വച്ചിട്ടുണ്ട്. അവരെ വിടാൻ കാലാവധി നിശ്ചയിച്ചിട്ടില്ല. ഈ കേസ്സിന്റെ വകുപ്പുകളും അത്തരം വകുപ്പുകളാണ്.

5 (*398) ഉപഭോക്തൃ സംരക്ഷണം

ഡോ. കെ.സി. ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ടി.എസ്. ജോൺ :
ശ്രീ. പി.സി. ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപഭോക്താക്കൾ നേരിടുന്ന ചൂഷണങ്ങളുടെ വൈപുല്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച സമഗ്രമായ ഒരു സർവ്വേ നടത്താൻ നടപടി സ്വീകരിക്കുമോ;

(സി) ഉപഭോക്താക്കൾ നേരിടുന്ന ചൂഷണത്തെപ്പറ്റി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ;

(ഡി) ഇവ വിപുലപ്പെടുത്താൻ എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(ഇ) ഉപഭോക്തൃ ഫോറങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(എഫ്) ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് പുതുതായി സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ,

LIBRARY ARCHIVES Kerala Legislative Assembly